പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2652 **28-10-2026-ൽ മറുപടിയ്ക്ക്**

വന്യജീവിയുടെ ആക്രമണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. വി. സുമേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവിയുടെ ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ട എന്നുള്ളത് ജില്ല തിരിച്ച് വിശദമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (18.05.2026 മുതൽ 20.10.2026 വരെ) വന്യജീവി ആക്രമണത്തിൽ 16 പേർ മരണപ്പെട്ടിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ പറഞ്ഞത് കൂടാതെ വനത്തിന് പുറത്ത് ജനവാസ മേഖലയിൽ പാമ്പ് കടിയേറ്റ് 12 പേരും മരണപ്പെട്ടിട്ടുണ്ട്.

ക്രമ നമ്പർ	ജില്ല	വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ എണ്ണം
1	തിരുവനന്തപുരം	0
2	കൊല്ലം	2
3	പത്തനംതിട്ട	0
4	ആലപ്പുഴ	0
5	കോട്ടയം	0
6	ഇടുക്കി	5
7	എറണാകുളം	1
8	തൃശ്ശൂർ	1
9	പാലക്കാട്	1
10	മലപ്പുറം	1

11	കോഴിക്കോട്	1
12	വയനാട്	2
13	കണ്ണൂർ	2
14	കാസറഗോഡ്	0
	ആകെ	**16**

(ബി) മരണപ്പെട്ടവർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകാമോ?

<u>മറുപടി:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (18.05.2026 മുതൽ 20.10.2026 വരെ) വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 97.25 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ